# പോലീസ് വകുപ്പ്

# കേരളം

**No. E2-9093/2016/IRB**

ഇന്ത്യ റിസർവ് ബറ്റാലിയൻ,

തൃശ്ശൂർ

cmdtirb.pol@kerala.gov.in

04872328720

തീയതി. 11-10-2018

**ലേല പരസ്യം**

തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ അധീനതയിലുള്ളതും തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം.റ്റി)യുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ താഴെ പറയുന്ന വകുപ്പ് വാഹനങ്ങൾ 09.11.2018 തീയതി 11.00 മണിക്ക് തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം.റ്റി)യുടെ ഓഫീസ് പരിസരത്ത് വെച്ച് ദർഘാസ്/ പരസ്യ ലേലം വഴി വില്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം |
|---|---|---|---|---|
| 1 | കെ.എൽ 01 എക്സ് 9375 | (ഓപ്പൺ ലോറി) | 2002 | ₹6000/- |
| 2 | കെ.എൽ.01 എ.ഇ 741 | (ടാറ്റ ഇൻഡിഗോ) | 2004 | ₹2500/- |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് തന്നെ മേൽപറഞ്ഞ നിരക്കിലുള്ള നിരതദ്രവ്യം ലേല സ്ഥലത്ത് അടച്ച് രശീതി വാങ്ങിയിരിയ്ക്കേണ്ടതും കൃത്യസമയത്ത് ലേല സ്ഥലത്ത് ഹജരായിരിയ്ക്കേണ്ടതുമാണ്.

മേൽ പറഞ്ഞ ലേലത്തിന് മുദ്ര വെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റിന്റെ കാര്യാലയത്തിൽ 07.11.2018 തീയതി 16.00 മണിക്ക് മുമ്പായി ലഭിക്കേണ്ടതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റിന്റെ പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ നിരതദ്രവ്യം അടച്ച രശീതി അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിന് മുകളിൽ '**വാഹന ലേലത്തിനുള്ള ദർഘാസ്**' എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.കൂടാതെ വകുപ്പ് വാഹനങ്ങളുടെ രജിസ്റ്റർ നമ്പരുകളും ഇതോടൊപ്പം വ്യക്തമാക്കേണ്ടതാണ്.

പരസ്യ ലേലം കഴിഞ്ഞ ഉടൻ ബന്ധപ്പെട്ടവരുടെ മുന്നിൽ വെച്ച് ദർഘാസുകൾ തുറക്കുന്നതും പരസ്യലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുകയുള്ളത് ആയതിന് ലേലം താൽക്കാലികമായി ഉറപ്പിയ്ക്കുന്നതും ലേലം കൈക്കൊണ്ടയാൾ ലേല/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വെച്ച് അപ്പോൾ തന്നെ അടച്ച് രശീതി വങ്ങേണ്ടതാണ്. ബാക്കി തുക നികുതി ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയതി മുതൽ പത്ത് ദിവസത്തിനകം അടച്ചതിന് ശേഷം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ലേലവസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്. ലേല/ദർഘാസ് നഷ്ടപ്പെട്ടവർക്ക് നിരത ദ്രവ്യം തിരിച്ച് നൽകുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ലേല/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും മേൽ പറഞ്ഞ വകുപ്പ് വാഹനങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിന് നിശ്ചയിച്ചിരിക്കുന്ന വകുപ്പ് വാഹനങ്ങൾ ലേല തീയതിക്ക് മുമ്പുള്ള പത്ത് പ്രവർത്തി ദിവസങ്ങളിൽ 10.00 മണി മുതൽ 17.00 മണി വരെ ഏതെങ്കിലും സമയത്ത് തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം.റ്റി)യുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തി വെക്കുന്നതിനും ലേല/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ

കമാണ്ടന്റ്-ന് അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച് തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാണ്ടന്റിന്റെ തീരുമാനം അന്തിമമായിരിക്കും.



ഹരിലാൽ വി വി
കമാണ്ടൻറ്

സ്വീകർത്താവ് : കേരള സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം സമക്ഷം ഉപരിപത്രം സഹിതം അറിവിലേയ്ക്കായി.

പകർപ്പ് : 1)എല്ലാ ജില്ല പോലീസ് മേധാവികൾക്കും സിറ്റി പോലീസ് മേധാവികൾക്കും ബറ്റാലിയൻ കമാണ്ടന്റ്മാർക്കും അറിവിലേക്കും ആവശ്യമായ പരസ്യത്തിനുമായി. 2) സൂപ്രണ്ട് ഓഫ് പോലീസ് (എം.റ്റി), പോലീസ് ആസ്ഥാനം. തിരുവനന്തപുരം-ന് അറിവിലേക്ക്. 3) പോലീസ് ഇൻസ്പെക്ടർ ജനറൽ, തൃശ്ശൂർ റേഞ്ച്, തൃശ്ശൂർ സമക്ഷം ഉപരിപത്രം സഹിതം അറിവിലേക്കായി. 4) ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം-ന് അറിവിലേക്കായി. 5) ജില്ല പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ, തൃശ്ശൂർ-ന് ഉപരിപത്രം സഹിതം. 6) സോണൽ ഓഫീസർ, വിൽവട്ടം സോണൽ ഓഫീസ്, തൃശ്ശൂർ കോർപ്പറേഷൻ, തൃശ്ശൂർ-ന് ആവശ്യമായ പരസ്യം നൽകുന്നതിനായി. 7) വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്,വിൽവട്ടം-ന് ആവശ്യമായ പരസ്യം നൽകുന്നതിനായി. 8) കമ്മിറ്റി ചെയർമാനും എല്ലാ കമ്മിറ്റി അംഗങ്ങൾക്കും അറിവിലേക്ക്. 9) തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എം.റ്റി)യുടെ അറിവിലേക്കും തുടർ നടപടികൾക്കുമായി. 10) തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയനിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കായി. 11) സ്റ്റോക്ക് ഫയലിലേയ്ക്ക്. 12) പൊതുജന ശ്രദ്ധയ്ക്കായി തൃശ്ശൂർ ഇന്ത്യ റിസർവ് ബറ്റാലിയൻ നോട്ടീസ് ബോർഡിലേയ്ക്ക്.